**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2410** **24-06-2024 - ൽ മറുപടിയ്ക്ക്**

**ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കമ്പ ചളിക്കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭ്യമായതും ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്നതുമായ കമ്പ ചളിക്കടവ് പാലം നിർമ്മാണം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 10/07/2017-ലെ GO(Rt)No. 942/2017/PWD നമ്പർ ഉത്തരവ് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതി നിർവ്വഹണ ഏജൻസിയായി 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കോങ്ങാട് നിയോജക മണ്ഡലത്തിലെ കമ്പ – ചളിക്കടവ് പാലത്തിന് കിഫ്ബി 12/11/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 10.734 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ 03/06/2023-ലെ കത്ത് പ്രകാരം സമർപ്പിച്ച പുതുക്കിയ ഡിസൈൻ അനുസരിച്ച് തയ്യാറാക്കിയ ലാൻഡ് അക്വിസിഷൻ ഉൾപ്പടെയുള്ള 14.24 കോടി രൂപയുടെ എസ്റ്റിമേറ്റ് ധനാനുമതിയെക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിയ്ക്കായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ അവലോകനം നടത്തുന്നതിന്റെ ഭാഗമായി കിഫ്ബി പ്രതിനിധികൾ 15/12/2023-ന് സ്ഥല പരിശോധന നടത്തുകയുണ്ടായി.<br><br>തുടർന്ന് 01/02/2024-ന് ബഹു. എം.എൽ.എയുടെ സാന്നിധ്യത്തിൽ കിഫ്ബിയിൽ വച്ച് നടന്ന അവലോകന യോഗത്തിൽ പാലത്തിന്റെ കമ്പ ഭാഗത്ത് റെയിൽവേ അടിപ്പാത/മേൽപ്പാലം ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തെക്കൊണ്ട് സാധ്യതാ പഠനം നടത്തുവാൻ തീരുമാനിച്ചിരുന്നു. ഇപ്രകാരം സാധ്യതാ പഠനം നടത്തി റെയിൽവേ അടിപ്പാത പ്രായോഗികമല്ലെന്നും, കിഫ്ബി നിർദ്ദേശിച്ച പ്രകാരം അപ്രോച്ച് റോഡില്ലാതെ കൃഷി ആവശ്യത്തിനായുള്ള ഒറ്റ വരിപ്പാലമായി നിർമ്മിക്കുന്നതിനോ റെയിൽവേ മേൽപ്പാലം പണിയുന്നതിനോ ശിപാർശ ചെയ്തു കൊണ്ട് 02/04/2024-ലെ കത്ത് മുഖേന |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് ഡിസൈൻ വിഭാഗം നിർവ്വഹണ ഏജൻസിക്ക് റിപ്പോർട്ട് നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച്, നേരത്തെ കോങ്ങാട് എൽ.എ.സി യോഗത്തിൽ നിർദ്ദേശിച്ചതും KIIFB അംഗീകരിച്ച നിലവിലെ തീരുമാനവും കണക്കിലെടുത്ത്, അപ്രോച്ച് റോഡില്ലാതെ കൃഷി ആവശ്യത്തിനായുള്ള ഒറ്റ വരിപ്പാലമായി പി.ഡബ്ല്യൂ.ഡി ഫണ്ട് വഴി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കത്ത് വഴി പദ്ധതി നിർവഹണ ഏജൻസിയേയും ബഹു MLA യെയും അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്തുള്ള റെയിൽവേ ക്രോസ്സിനപ്പുറം താമസിക്കുന്ന വലിയ വിഭാഗം ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ റെയിൽവേ ഓവർ ബ്രിഡ്ജ് കൂടി പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | 10/07/2017-ലെ GO(Rt)No. 942/2017/PWD നമ്പർ ഉത്തരവ് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതി നിർവ്വഹണ ഏജൻസിയായി 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കോങ്ങാട് നിയോജക മണ്ഡലത്തിലെ കമ്പ – ചളിക്കടവ് പാലത്തിന് കിഫ്ബി 12/11/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 10.734 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ 03/06/2023-ലെ കത്ത് പ്രകാരം സമർപ്പിച്ച പുതുക്കിയ ഡിസൈൻ അനുസരിച്ച് തയ്യാറാക്കിയ ലാൻഡ് അക്വിസിഷൻ ഉൾപ്പടെയുള്ള 14.24 കോടി രൂപയുടെ എസ്റ്റിമേറ്റ് ധനാനുമതിയെക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിയ്ക്കായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ അവലോകനം നടത്തുന്നതിന്റെ ഭാഗമായി കിഫ്ബി പ്രതിനിധികൾ 15/12/2023-ന് സ്ഥല പരിശോധന നടത്തുകയുണ്ടായി.<br><br>തുടർന്ന് 01/02/2024-ന് ബഹു. എം.എൽ.എയുടെ സാന്നിധ്യത്തിൽ കിഫ്ബിയിൽ വച്ച് നടന്ന അവലോകന യോഗത്തിൽ പാലത്തിന്റെ കമ്പ ഭാഗത്ത് റെയിൽവേ അടിപ്പാത/മേൽപ്പാലം ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തെക്കൊണ്ട് സാധ്യതാ പഠനം നടത്തുവാൻ തീരുമാനിച്ചിരുന്നു. ഇപ്രകാരം സാധ്യതാ പഠനം നടത്തി റെയിൽവേ അടിപ്പാത പ്രായോഗികമല്ലെന്നും, കിഫ്ബി നിർദ്ദേശിച്ച പ്രകാരം അപ്രോച്ച് റോഡില്ലാതെ കൃഷി ആവശ്യത്തിനായുള്ള ഒറ്റ വരിപ്പാലമായി നിർമ്മിക്കുന്നതിനോ റെയിൽവേ മേൽപ്പാലം പണിയുന്നതിനോ ശിപാർശ ചെയ്തു കൊണ്ട് 02/04/2024-ലെ കത്ത് മുഖേന പൊതുമരാമത്ത് ഡിസൈൻ വിഭാഗം നിർവ്വഹണ ഏജൻസിക്ക് റിപ്പോർട്ട് നൽകിയിരുന്നു. പ്രസ്തുത |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് പരിഗണിച്ച്, നേരത്തെ കോങ്ങാട് എൽ.എ.സി യോഗത്തിൽ നിർദ്ദേശിച്ചതും KIIFB അംഗീകരിച്ച നിലവിലെ തീരുമാനവും കണക്കിലെടുത്ത്, അപ്രോച്ച് റോഡില്ലാതെ കൃഷി ആവശ്യത്തിനായുള്ള ഒറ്റ വരിപ്പാലമായി പി.ഡബ്ല്യു.ഡി ഫണ്ട് വഴി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കത്ത് വഴി പദ്ധതി നിർവഹണ ഏജൻസിയേയും ബഹു MLA യെയും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ